കുറ്റകൃത്യങ്ങൾ തടയുന്നതിന് റസിഡൻസ് അസോസിയേഷനുകളുടെ പങ്ക് വളരെ വലുതാണെന്ന് ജില്ലാ പോലീസ് മേധാവി വിവേക് കുമാർ പറഞ്ഞു. റൂറൽ ജില്ലയിലെ റസിഡൻസ് അസോസിയേഷൻസ് പ്രതിനിധികളുടെ യോഗം ജില്ലാ പോലീസ് ആസ്ഥാനത്ത് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. പോലീസിന്റെ സേവനം ആവശ്യമുള്ള ഏത് സാഹചര്യത്തിലും പോലീസ് ഒപ്പമുണ്ടാകുമെന്നും എസ്.പി. പറഞ്ഞു. അഡീഷണൽ എസ്.പി ജിജിമോൻ, ഏ.എസ്.പി അനൂജ് പലിവാൽ, ഡി.വൈ.എസ്.പി പി.പി ഷംസ് തുടങ്ങിയവർ പ്രസംഗിച്ചു. ജില്ലയിലെ മറ്റ് ഉന്നത പോലീസ് ഉദ്യോഗസ്ഥരും പങ്കെടുത്തു. യോഗത്തിൽ റൂറൽ ജില്ലയിലെ വിവിധ വിഷയങ്ങൾ ചർച്ച ചെയ്തു